# പെരിയാറിനെ വിൽക്കാൻ അനുവദിക്കരുത്

ആലുവ: കേരളത്തിലെ ഏറ്റവും വലിയ നദിയായ പെരിയാർ സ്വകാര്യ കുത്തകകൾക്ക് വിൽക്കാൻ സർക്കാർ തീരുമാനമെടുത്തു കഴിഞ്ഞിരിക്കുന്നു. ജനജീവിതത്തിനു മേൽ അടിച്ചേൽപ്പിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ആഗോളവൽക്കരണനയങ്ങളുടെ ഭാഗമായാണ് നദികളുടേയും ഇതര ശുദ്ധജല സ്രോതസ്സുകളുടേയും തീരക്കടലിന്റേയുമൊക്കെ വിൽപ്പന. എറണാകുളത്ത് നടക്കാനിരിക്കുന്ന ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റിലാണ് കൊച്ചിയിലെ കുടിവെള്ള വിതരണവുമായി ബന്ധപ്പെടുത്തി ഈ വിൽപ്പന നടക്കാൻ പോകുന്നത്.

പെരിയാർ കച്ചവടത്തെ എന്തു വില കൊടുത്തും ചെറുക്കുമെന്ന പ്രഖ്യാപനവുമായി കേരളത്തിലെ എഴുത്തുകാരും കവികളും സാംസ്കാരിക പ്രവർത്തകരും പരിസ്ഥിതി സംരക്ഷണ പ്രവർത്തകരും ഡിസംബർ 28,29 തിയ്യതികളിൽ ആലുവയിൽ പെരിയാർ മണപ്പുറത്ത് ഒത്തുകൂടുന്നു. പ്രതിഷേധപ്രവർത്തനങ്ങളുടെ ഭാഗമായി കവിയരങ്ങുകളും കലാപ്രകടനങ്ങളും സംവാദങ്ങളും ചർച്ചകളും നടത്തും. ജനകീയ കലാസാഹിത്യവേദിയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന ഈ കൂട്ടായ്മ സാമ്രാജ്യത്വവും ആഗോളവൽക്കരണവും ജനങ്ങൾക്കും ജീവിതത്തിനും സംസ്കാരത്തിനും മേൽ നടത്തുന്ന അധിനിവേശത്തിനെതിരായ ചെറുത്തു നിൽപ്പിന്റെ ഭാഗമായാണെന്ന് സംഘാടകർ അറിയിക്കുന്നു.